## റിലയബ്ൾ ഫിസ്കൽ സർവീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് (RFSIL)

# ബാങ്ക് വായ്പകൾ ആശങ്ക വേണ്ട, അനായാസം നേടാം

**നിങ്ങളുടെ ആവശ്യത്തിന് അനുയോജ്യമായ വായ്പ ഏത്, ഏത് ബാങ്കിൽ നിന്ന് കിട്ടുമെന്നറിയാതെ വലയുന്നുണ്ടോ? ബാങ്കിൽ നിന്ന് വായ്പയെടുക്കാൻ ബുദ്ധിമുട്ടുന്നുണ്ടോ? നിലവിലുള്ള വായ്പ തിരിച്ചടയ്ക്കാൻ വഴികാണാതെ വിഷമിക്കുന്നുണ്ടോ? എങ്കിൽ നിങ്ങളുടെ സഹായത്തിന് ബാങ്കിംഗ് പ്രൊഫഷണലുകളുടെ കൂട്ടായ്മയുണ്ട്**

ധനം ന്യൂസ് ബ്യൂറോ

*ബാങ്കിൽ നിന്ന് എങ്ങനെയെങ്കിലും വായ്പ നേടിയെടുക്കലായിരുന്നു ലക്ഷ്യം. അതുകൊണ്ട് കണക്കുകൾ പെരുപ്പിച്ചു കാട്ടി. ഇപ്പോൾ വായ്പ തിരിച്ചടയ്ക്കാനും പറ്റുന്നില്ല. ബിസിനസ് നടത്തിക്കൊണ്ടുപോകാനും കഴിയുന്നില്ല.*

****

*ഒരു വർഷംകൊണ്ട് പ്രോജക്റ്റ് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ പറ്റുമെന്ന ഉറപ്പിലാണ് ബാങ്കിൽ നിന്ന് വായ്പ നേടിയത്. ആ വിധത്തിലുള്ള പ്രോജക്റ്റ് റിപ്പോർട്ടാണ് ബാങ്കിൽ നൽകിയതും. കണക്കുകൂട്ടൽ തെറ്റി. പ്രോജറ്റ് വൈകി. പറഞ്ഞ സമയത്ത് പ്രവർത്തനം തുടങ്ങാൻ പറ്റിയില്ല. ബാങ്ക് രേഖകളിൽ വായ്പ ഇപ്പോൾ സാങ്കേതികമായി നിഷ്ക്രിയാസ്തിയായി. മറ്റൊരു ബാങ്കും ഇനി ആ വായ്പ ഏറ്റെടുക്കില്ല. എന്റെ ക്രെഡിറ്റ് സ്കോറും താഴ്ന്നു. ഇത്തരം നൂലാമാലകൾ എനിക്കറിയില്ലായിരുന്നു.*

ഇത് നേരിൽ കേട്ടറിഞ്ഞ ചില യഥാർത്ഥ അനുഭവങ്ങളാണ്. ബാങ്കും പൊതുസമൂഹവും അത്രമേൽ ബന്ധപ്പെട്ട് കിടക്കുമ്പോൾ വൈവിധ്യമാർന്ന സംഭവങ്ങൾ ഒട്ടനവധി ഉയർന്നുവരുന്നത് സ്വാഭാവികം.

മാത്രമല്ല ഡസൻ കണക്കിന് ബാങ്കുകളും ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും ഇന്നു നമുക്കു ചുറ്റിലുമുണ്ട്. ഇതിൽ എവിടെയാണ് ഓരോ ആവശ്യത്തിനും ഏറ്റവും അനുയോജ്യമായ ചെലവ് കുറഞ്ഞ വായ്പയുള്ളത്? പുതുമയാർന്ന, ലാഭകരമായ ഒരു ആശയത്തിന്റെ സാക്ഷാൽകാരത്തിന് ഫണ്ട് നൽകി കൂടെ നിൽക്കാൻ ഏത് ബാങ്ക് തയാറാകും? ഇത്തരം നൂറ് നൂറ് സംശയങ്ങൾ ബിസിനസുകാർക്കും സാധാരണക്കാർക്കും ഉണ്ടാവും.

ബാങ്കുമായി ഇത്തരത്തിൽ ബന്ധപ്പെട്ട എല്ലാവിധ കാര്യങ്ങൾക്കും കൃത്യമായ മാർഗനിർദേശം നൽകി വ്യത്യസ്തമാകുകയാണ് റിലയബ്ൾ ഫിസ്കൽ സർവീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്.

"Right finance from right place to right people (ശരിയായ സ്ഥലത്തു നിന്ന്, ശരിയായ ഫിനാൻസ്, ശരിയായ വ്യക്തികൾക്ക്) ഇതാണ് ഞങ്ങളുടെ ആപ്തവാക്യം. ബിസിനസുകാർക്കും സാധാരണക്കാർക്കുമെല്ലാം ശരിയായ ബാങ്കിൽ നിന്ന് ശരിയായ വായ്പ നേടിയെടുക്കാൻ കൃത്യമായ മാർഗനിർദേശം ലഭ്യമാക്കാൻ പ്രൊഫഷണൽ ടീമിന്റെ സേവനമാണ് ഞങ്ങൾ ഒരുക്കുന്നത്," റിലയബ്ൾ ഫിസ്കൽ സർവീസസിന്റെ മാനേജിംഗ് ഡയറക്റ്റർ ജീജോ തോമസ് ചൂണ്ടിക്കാട്ടുന്നു.

പുതുതായി ബിസിനസ് ആരംഭി



ഷെറിൻ ജിജോ

ക്കാൻ ബാങ്കിൽ നിന്ന് ഫണ്ട് നേടിയെടുക്കാൻ ശ്രമിക്കുന്നവർക്ക് മുതൽ വായ്പകളുടെ നൂലാമാലകളിൽ പെട്ട് സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടുഴലുന്ന സംരംഭകർക്ക് വരെ സമ്പൂർണ സേവനം റിലയബ്ൾ ഫിസ്കൽ സർവീസസ് (RFSIL) ലഭ്യമാക്കുന്നു.

"ഓരോ പ്രോജക്റ്റ് റിപ്പോർട്ടിനെയും കുറ്റമറ്റതാക്കി, ഓരോ സംരംഭകന്റെയും ആവശ്യങ്ങളറിഞ്ഞ്, കൃത്യമായ ബാങ്കിൽ, കൃത്യമായ പ്രൊഫഷണലിന്റെ മുന്നിൽ അവതരിപ്പിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്," RFSILന്റെ ഡയറക്റ്ററും (ഫിനാൻസ്) ജിജോ തോമസിന്റെ ഭാര്യയുമായ ഷെറിൻ ജിജോ വ്യക്തമാക്കുന്നു.

### എങ്ങനെ ഇത് സാധ്യമാക്കുന്നു?

ഫിനാൻഷ്യൽ കൺസൾട്ടൻസി രംഗത്ത് RFSILനെ വേറിട്ട് നിർത്തുന്നത് നിരവധി ഘടകങ്ങളാണ്. ഒന്നര പതിറ്റാണ്ട് കാലത്തെ അനുഭവസമ്പത്താണ് ഇതിൽ പ്രധാനം. മറ്റൊന്ന് വിവിധ ബാങ്കുകളിൽ ഉന്നത പദവികൾ അലങ്കരിച്ചിരുന്ന ബാങ്കിംഗ് പ്രൊഫഷണലുകളുടെ കൂട്ടായ്മയാണിത്. (ആർ എഫ് സിന്റെ നേതൃനിരയിലെ പ്രൊഫഷണലുകളുടെ വിവരങ്ങൾ ബോക്സിൽ)

"ബാങ്കുകളുടെ വായ്പാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമായ ധാരണയുള്ള ബാങ്കിംഗ് പ്രൊഫഷണലുകളുടെ കൂട്ടായ്മയാണിത് എന്നതാണ് ഏറ്റവും ശ്രദ്ധേയം," ജിജോ തോമസ് കൂട്ടിച്ചേർക്കുന്നു.

വിവരങ്ങൾക്ക്: 9847299016, 0484 - 2672929, ഇ മെയ്ൽ: reliablefs@gmail.com, വെബ്സൈറ്റ്: www.rfsil.com



ജിജോ തോമസ്

**'ആപത്ത് കാലത്ത് കൂടെ നിൽക്കുന്ന ബാങ്കിനെ പങ്കാളിയാക്കണം'**

**എന്തിനാണ് RFSIL മുൻഗണന നൽകുന്നത്? എന്തിന് ഇടപാടുകാർ ഫിനാൻഷ്യൽ കൺസൾട്ടൻസി സ്വീകരിക്കണം? *ജിജോ തോമസ്* സംസാരിക്കുന്നു**

**? RFSIL എന്തിനാണ് മുൻഗണന നൽകുന്നത്?**

▶ ഓരോ സംരംഭത്തിന്റെയും കാഷ് ഫ്ളോ വ്യത്യസ്തമായിരിക്കും. വരവിന് അനുസൃതമായി വേണം ചെലവുകൾ ക്രമീകരിക്കാൻ. ഞങ്ങൾ ഓരോരുത്തരുടെയും കാഷ് ഫ്ളോയുടെ രീതി വിശകലനം ചെയ്ത് അതിനനുസൃതമായി കൃത്യമായ കാലയളവിലേക്കുള്ള, കൃത്യമായ തുകയ്ക്കുള്ള വായ്പ നേടിയെടുക്കാനുള്ള മാർഗനിർദേശമാണ് നൽകുന്നത്.

**? RFSILന്റെ സേവനം തേടുന്നതുകൊണ്ടുള്ള മെച്ചങ്ങളെന്തൊക്കെയാണ്?**

▶ ബാങ്ക് ഒരു ബിസിനസുകാരന്റെ ബിസിനസ് പങ്കാളിയാണ്. മികച്ചൊരു ബാങ്കിനെ പ്രാരംഭകാലം മുതൽ കൂടെ ചേർക്കുക എന്നത് അതീവ പ്രാധാന്യമുള്ള കാര്യവുമാണ്. അത്തരത്തിൽ സംരംഭകരെ വളരാൻ സഹായിക്കുന്ന നല്ലൊരു ബാങ്കിനെ കണ്ടെത്താൻ സഹായിക്കുന്നു.

● ഗ്രീൻഫീൽഡ് പ്രോജക്റ്റുകൾക്ക് ചില പ്രത്യേക ബാങ്കുകളാകും വായ്പ നൽകുക. ചില ബാങ്കുകളിൽ പലിശ നിരക്ക് ചെറിയ തോതിൽ കൂടുതലാകാം പക്ഷേ അവർ മികച്ച സേവനമാകും നൽകുക. ചില ബാങ്കുകൾക്ക് സവിശേഷ വായ്പ പദ്ധതികൾ കാണും. ഇങ്ങനെ ഓരോരുത്തർക്കും യോജിച്ച വായ്പയും ബാങ്കും തെരഞ്ഞെടുത്ത് നൽകുന്നു.

● ഏറ്റവും കുറഞ്ഞ സെക്യൂരിറ്റിയിൽ ഏറ്റവും ഉയർന്ന വായ്പ, ലാഭക്ഷമമായ ബിസിനസുകൾക്ക് നേടിയെടുക്കാൻ സാധിക്കും.

● വായ്പകൾ ഏതൊക്കെ, അനുയോജ്യ ബാങ്ക് ഏതാണ് എന്നൊക്കെ അന്വേഷിച്ചിറങ്ങി തിരിച്ചാൽ പിന്നെ അതിനെ സമയം കാണൂ. ഇത്തരം കാര്യങ്ങളുടെ സമ്പൂർണ ഉത്തരവാദിത്തം ആർഎഫ്എസ് ഏറ്റെടുത്ത് നിർവഹിക്കുന്നു.

● റിസർവ് ബാങ്കിന്റെ മാസ്റ്റർ സർക്കുലർ അനുസരിച്ച് ബാങ്കിന് സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ ആ വായ്പ നിഷ്ക്രിയാസ്തിയായി മാറും. പിന്നീട് ഈ വായ്പ മറ്റേതെങ്കിലും ബാങ്ക് ഏറ്റെടുക്കില്ല. ക്രെഡിറ്റ് സ്കോർ കുറയും. അതോടെ പിന്നീടുള്ള വായ്പാ ചെലവുകൾ അധികരിക്കും. ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ ഉദിക്കാത്ത വിധം പ്രോജക്റ്റ് റിപ്പോർട്ട് കുറ്റമറ്റതാക്കി ബാങ്കിൽ സമർപ്പിച്ച് വായ്പ നേടിയെടുക്കാൻ സഹായിക്കുന്നു.

● ഒരു പ്രോജക്റ്റിനും ആവശ്യമായതിൽ കുറവോ കൂടുതലോ ബാങ്ക് വായ്പ നേടിയെടുക്കാൻ പാടില്ല. കുറഞ്ഞാൽ പ്രോജക്റ്റ് സാക്ഷാൽകരിക്കാൻ സാധിക്കില്ല. കൂടിയാൽ വകമാറ്റി ചെലവഴിക്കാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് എത്ര വായ്പ വേണ്ടി വരുമെന്ന് കണ്ടെത്തി അത് നേടിയെടുത്ത് പ്രോജക്റ്റ് സാക്ഷാൽകരിക്കാനും അമിത ബാധ്യത വരാതിരിക്കാനും സഹായിക്കുന്നു.

● ഒരു ബാങ്കുമായി വായ്പ കരാർ ഒപ്പിടുമ്പോൾ ശ്രദ്ധിക്കേണ്ട നിരവധി ഘടകങ്ങളുണ്ട്. ഇവയിൽ സംരംഭകന് ദോഷകരമായതൊന്നുമില്ലെന്ന് ഉറപ്പാക്കാൻ വിദഗ്ധരുടെ സേവനം അനിവാര്യമാണ്. ഇക്കാര്യങ്ങളെല്ലാം കൃത്യമായി നിരീക്ഷിക്കാനും വ്യവസ്ഥകൾ ന്യായമാക്കുവാനും കൂടെ നിൽക്കുന്നു. നല്ല നാളുകളിൽ മാത്രമല്ല ആപത്ത് കാലത്തും കൂടെ നിൽക്കുന്ന ബാങ്കാണ് സംരംഭകർ തെരഞ്ഞെടുക്കേണ്ടത്. അതിനുള്ള മാർഗനിർദേശങ്ങൾ ഞങ്ങൾ തരും.

## നേതൃനിരയിൽ ബാങ്കിംഗ് പ്രൊഫഷണലുകൾ

ആർ. എഫ്.എസിന്റെ നേതൃനിരയിൽ ഇടപാടുകാർക്ക് മികച്ച സേവനം ഉറപ്പാക്കാൻ മികവുറ്റ ബാങ്കിംഗ് പ്രൊഫഷണലുകളാണുള്ളത്.



**എം.പി ചന്ദ്രശേഖരൻ:** ഫെഡറൽ ബാങ്കിൽ സ്പെഷലിസ്റ്റ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. വായ്പകൾക്കായി സമർപ്പിക്കുന്ന പ്രോജക്റ്റുകളുടെ ലാഭക്ഷമതാ പരിശോധനയിൽ വിദഗ്ധൻ. കോർപ്പറേറ്റ് ക്രെഡിറ്റ്, പീഡിത വ്യവസായങ്ങളുടെ പുനരധിവാസ പദ്ധതി എന്നീ കാര്യങ്ങളിലെല്ലാം കൃതഹസ്തനാണ്.



**ജോർജ് വർഗീസ്:** എൻജീനീയറിംഗ് ബിരുദധാരി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 33 വർഷത്തെ അനുഭവസമ്പത്ത്. ബാങ്കിംഗ് പ്രൊഫഷണൽ എന്ന നിലയിൽ 2000ത്തോളം പ്രോജക്റ്റുകളുടെ മൂല്യനിർണയം നിർവഹിച്ചിട്ടുണ്ട്. വ്യവസായ വായ്പകളുടെ പുനർക്രമീകരണം പോലുള്ള കാര്യങ്ങളിൽ വിദഗ്ധൻ.



**രാമചന്ദ്രൻ. എസ്:** സിൻഡിക്കേറ്റ് ബാങ്കിൽ കരിയർ ആരംഭിച്ച ഇദ്ദേഹം വിവിധ ശാഖകളിൽ വിവിധ തലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 40 വർഷത്തോളം ബാങ്കിംഗ് പ്രൊഫഷണലായിരുന്നു. ജനറൽ മാനേജരായാണ് വിരമിച്ചത്.



**വി.ടി ജോയ്:** കൊമേഴ്സ് ബിരുദധാരിയായ ഇദ്ദേഹം CAIIB യും നേടിയിട്ടുണ്ട്. ബാങ്കിംഗ് രംഗത്ത് 37 വർഷത്തെ അനുഭവ പരിചയമുള്ള ഇദ്ദേഹം ഫെഡറൽ ബാങ്കിന്റെ നിന്ന് വിരമിക്കുമ്പോൾ ബാംഗ്ലൂർ റീജിയൺ മേധാവിയായ അസിസ്റ്റന്റ് ജനറൽ മാനേജരായിരുന്നു.



**കെ.പി ഏബ്രഹാം:** ഫെഡറൽ ബാങ്കിൽ 36 വർഷത്തെ സേവനത്തിനുശേഷം അസിസ്റ്റന്റ് ജനറൽ മാനേജരായി വിരമിച്ച ഇദ്ദേഹം എം.എ, എൽ എൽ ബി ബിരുദധാരിയാണ്. ഫെഡറൽ ബാങ്കിന്റെ മുംബൈയിലെ സുപ്രധാന ശാഖകളായ കോർപ്പറേറ്റ് ബാങ്കിംഗ് ബ്രാഞ്ചിലും ഫോർട്ട് ബ്രാഞ്ചിലും മേധാവിയായിരുന്നു.



**ബി. ജഗത് കുമാർ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലും ബാങ്ക് ഓഫ് ഇന്ത്യയിലുമായി 30 വർഷത്തിലേറെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ബാങ്ക് ഓഫ് ഇന്ത്യയുടെ കേരള സോണിന്റെ ഡെപ്യൂട്ടി സോണൽ മാനേജരായിട്ടാണ് ഇദ്ദേഹം വിരമിച്ചത്.



**രാമകൃഷ്ണൻ:** ഫെഡറൽ ബാങ്കിൽ ബ്രാഞ്ച്, ഹെഡ് ഓഫീസ് എന്നിവയിൽ ലാർജ് കോർപ്പറേറ്റ് പ്ലാനിംഗ്, റിസ്ക് മാനേജ്മെന്റ് റിക്കവറി എന്നീ മേഖലകളിൽ 37 വർഷത്തെ സേവന പരിചയം. വൻകിട പ്രോജക്റ്റ് പ്രൊപ്പോസലുകളുടെ മൂല്യനിർണയത്തിൽ പ്രാവീണ്യം.



**വി.വി ഷാജി:** എം.കോം, എൽഎൽബി ബിരുദധാരിയായ ഇദ്ദേഹം ബാങ്ക് ഓഫ് ഇന്ത്യയിൽ 35 വർഷത്തിലേറെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ക്രെഡിറ്റ്, മാർക്കറ്റിംഗ്, ബിസിനസ് ഡെവലപ്മെന്റ്, റിക്കവറി, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകളിൽ കൃതഹസ്തൻ.



**തോമസ് തച്ചിൽ:** ഫെഡറൽ ബാങ്കിൽ 35 വർഷത്തിലേറെക്കാലത്തെ പ്രവൃത്തി പരിചയമുണ്ട്. ബ്രാഞ്ച് മാനേജ്മെന്റ്, കോർപ്പറേറ്റ് എക്കൗണ്ടുകൾ കൈകാര്യം ചെയ്യൽ, ക്രെഡിറ്റ് അപ്രൈസൽ എന്നീ രംഗങ്ങളിൽ പ്രാവീണ്യമുണ്ട്.



**എ.വി ജോളി:** ഫെഡറൽ ബാങ്കിൽ 40 വർഷത്തിലേറെ അനുഭവ സമ്പത്തുള്ള ഇദ്ദേഹത്തിന് ബി എസ്സി, എൽഎൽബി, സിഎഐഐബി & ഡിആർഎ യോഗ്യതകളുണ്ട്. കൃത്യവിലോപം നടത്തുന്ന എക്കൗണ്ടുകൾ നിരീക്ഷിക്കുക, റിക്കവറി, പ്ലാനിംഗ്, റിസ്ക് ലഘൂകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ പ്രാവീണ്യം.



**പി.വി കുഞ്ഞപ്പൻ:** 1970കളിൽ ഫെഡറൽ ബാങ്കിൽ കരിയർ ആരംഭിച്ച ഇദ്ദേഹത്തിന് രാജ്യവ്യാപകമായി വിവിധ പദവികൾ വഹിച്ച അനുഭവ സമ്പത്തുണ്ട്. ക്രെഡിറ്റ് അപ്രൈസലിൽ അനന്യമായ വൈദഗ്ധ്യമുണ്ട്.



**ജോസ് തെക്കിനേടത്ത്:** ഫെഡറൽ ബാങ്കിന്റെ വിവിധ ശാഖകളിൽ 37 വർഷത്തെ സേവനത്തിനുശേഷം ചീഫ് മാനേജരായി റിട്ടയർ ചെയ്തു. പബ്ലിക് അഡ്മിനിസ്ട്രേഷനിൽ എം.എ ബിരുദധാരി. ബാങ്കിന്റെ വിവിധ മേഖലകളിൽ പ്രവൃത്തി പരിചയം.